(സി) 30-10-2010-ലെ സ.ഉ.(സാധാ)നം. 4284/2010/ആ.കു.വ പ്രകാരം ഈ കോഴ്സ് സർക്കാർ ഹോമിയോ കോളേജുകളിൽ നിർത്തലാക്കിയിട്ടുണ്ട്. പ്രസ്തുത കോഴ്സ് പരിഷ്കരിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന കോഴ്സിൽ പ്രവേശനം നേടിയവർക്ക് കോഴ്സ് പൂർത്തീകരിക്കാനും സർട്ടിഫിക്കറ്റ് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി&ഇ) ഇല്ല.

പുതിയ ഡെന്റൽ കോളേജുകൾ

27 (2301) ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) ഈ സർക്കാർ നിലവിൽവന്നശേഷം സർക്കാർ മേഖലയിൽ പുതിയ രണ്ട് ഡെന്റൽ കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. സർക്കാർ മേഖലയിൽ ഇനി പുതിയ ഡെന്റൽ കോളേജുകൾ ആരംഭിക്കുന്നതിന് പദ്ധതിയില്ല.

വിമാന ആംബുലൻസ് സർവ്വീസ്

28 (2302) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമാന ആംബുലൻസ് സർവ്വീസിന് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) എയർ ആംബുലൻസ് പദ്ധതി ആരംഭിച്ചിട്ടില്ല.

(ബി) കേരളത്തിലെ അവയവമാറ്റ ശസ്ത്രക്രിയയ്ക്കായി സർക്കാർ നിയോഗിച്ചിരിക്കുന്ന കേരളാ നെറ്റ്‌വർക്ക് ഫോർ ഓർഗൻ ഷെയറിംഗ് എന്ന പദ്ധതിക്ക് ഉപകാരപ്രദമായി മരണാനന്തരം വ്യക്തികൾ ദാനം ചെയ്യുന്ന അവയവങ്ങൾ കേരളമൊട്ടാകെ ആവശ്യമുള്ള രോഗികൾക്ക് അതിവേഗം വിമാനം മുഖാന്തരം എത്തിക്കുക എന്നതാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി 14-10-2015 തീയതിയിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്ന സ്വകാര്യ ആശുപത്രി മേധാവികളുടെ ഒരു യോഗം വിളിക്കുകയും പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ വിശദീകരിക്കുകയും ചെയ്തു. അതിനുശേഷം സ്വകാര്യ ആശുപത്രികളെ കത്ത് മുഖാന്തരം പദ്ധതിയിൽ ചേർന്ന് പ്രവർത്തിപ്പിക്കാനുള്ള താല്പര്യം അറിയിക്കുവാനായി ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ ഭൂരിഭാഗം ആശുപത്രികളും പദ്ധതിയിൽ ചേർന്ന് പ്രവർത്തിക്കാനുള്ള താല്പര്യം പ്രകടമാക്കിയില്ല. അതിനാൽ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മറ്റു വഴികൾ ആരായുകയും തത്ഫലമായി രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജിയെ സമീപിക്കുകയും ചെയ്തു. 14-1-2016 തീയതിയിൽ രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി മേധാവിയും ട്രാൻസ്പോർട്ട് വകുപ്പുസെക്രട്ടറിയും ആരോഗ്യവകുപ്പ് സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് ഒരു യോഗം നടത്തുകയും രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി പരിശീലന പറക്കലിനായി ഉപയോഗിക്കുന്ന അവരുടെ വിമാനങ്ങൾ ഉപയോഗിച്ച് വളരെ കുറഞ്ഞ ചെലവിൽ ഫലപ്രദമായി പ്രസ്തുത പദ്ധതി നടത്താമെന്ന് സമ്മതിക്കുകയും ചെയ്തു. അതിലേക്കായി രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഏവിയേഷൻ ടെക്നോളജി ഒരു കരട് ധാരണാപത്രം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly